**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4697** **13-03-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി സെൻസസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവസാനമായി വന്യജീവി സെൻസസ് നടന്നത് എന്നാണെന്ന് വിശദമാക്കാമോ; | (എ) | കാട്ടുപോത്ത്, മ്ലാവ്, കാട്ടുപന്നി, പുള്ളിമാൻ എന്നിവയുടെ 2011 ലും, വരയാടുകളുടെ \ 2022 ലും, ആനകളുടെ 2017 ലും കടുവകളുടെ 2018 ലുമാണ് അവസാനമായി കണക്കെടുപ്പ് നടത്തി പ്രസിദ്ധീകരിച്ചിട്ടുള്ളത് . 2022 ൽ കടുവകളുടെ പോപ്പുലേഷൻ എസ്റ്റിമേറ്റ് നടത്തിയിരുന്നു എങ്കിലും റിപ്പോർട്ട് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതാണ്, |
| (ബി) | പ്രസ്തുത സെൻസസിന് ശേഷം സംസ്ഥാനത്തെ വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായിട്ടുള്ള ഏറ്റക്കുറച്ചിലുകൾ ശാസ്ത്രീയമായ രീതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | വനം-പരിസ്ഥിതി മന്ത്രാലയവും, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും അംഗീകരിച്ച രീതികൾ അവലംബിച്ചാണ് വന്യജീവികളുടെ എണ്ണം തിട്ടപ്പെടുത്തുന്നത്. വ്യത്യസ്ത വർഗ്ഗങ്ങളിൽപ്പെട്ട ജീവികൾക്ക് വ്യത്യസ്ത രീതികളാണ് കണക്കെടുപ്പിനായി അവലംബിച്ചു വരുന്നത്. ഒരു ഇനത്തിൽപ്പെട്ട വന്യമൃഗത്തിന്റെ ഏകദേശ എണ്ണമാണ് ഈ രീതിയിലൂടെ കണ്ടെത്താൻ സാധിക്കുന്നത്. കണക്കെടുപ്പ് നടത്തുന്ന സീസൺ, കണക്കെടുപ്പിന് അവലംബിച്ച രീതി (Direct count/Indirect Method) കാലാവസ്ഥാ വ്യതിയാനം, ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ച് ഓരോ മേഖലയിലും കാണപ്പെടുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. ആയതിനാൽ വനമേഖലയിൽ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതായി പറയാൻ കഴിയില്ല. |
| (സി) | എങ്കിൽ ഏറ്റക്കുറച്ചിലുകൾക്കുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | വനം-പരിസ്ഥിതി മന്ത്രാലയവും, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും അംഗീകരിച്ച രീതികൾ അവലംബിച്ചാണ് വന്യജീവികളുടെ എണ്ണം തിട്ടപ്പെടുത്തുന്നത്. വ്യത്യസ്ത വർഗ്ഗങ്ങളിൽപ്പെട്ട ജീവികൾക്ക് വ്യത്യസ്ത രീതികളാണ് കണക്കെടുപ്പിനായി അവലംബിച്ചു വരുന്നത്. ഒരു ഇനത്തിൽപ്പെട്ട വന്യമൃഗത്തിന്റെ ഏകദേശ |

| | | | |
|---|---|---|---|
| | | | എണ്ണമാണ് ഈ രീതിയിലൂടെ കണ്ടെത്താൻ സാധിക്കുന്നത്. കണക്കെടുപ്പ് നടത്തുന്ന സീസൺ, കണക്കെടുപ്പിന് അവലംബിച്ച രീതി (Direct count/Indirect Method) കാലാവസ്ഥാ വ്യതിയാനം, ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ച് ഓരോ മേഖലയിലും കാണപ്പെടുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. ആയതിനാൽ വനമേഖലയിൽ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതായി പറയാൻ കഴിയില്ല. |
| (ഡി) | ശാസ്ത്രീയമായ രീതിയിൽ പുതുതായി വന്യജീവി സെൻസസ് നടത്താൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ആനകളുടെ ശാസ്ത്രീയമായ കണക്കെടുപ്പ് 2023 ഏപ്രിൽ മാസത്തിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് നേതൃത്വം നൽകുന്നത് പെരിയാർ/ പറമ്പിക്കുളം ഫീൽഡ് ഡയറക്ടർമാരാണ്. അതുപോലെ വയനാട് ലാന്റ്സ്കേപ്പിലെ കടുവകളുടെ കണക്കെടുപ്പ് 2023 ഏപ്രിൽ മാസത്തിൽ തുടങ്ങുതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പറമ്പികുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിനായി തീരുമാനിച്ചി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ